# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2546 12.03.2018 ൽ മറുപടിക്ക്

## കാസർഗോഡ്-കാഞ്ഞങ്ങാട് കെ.എസ്.ടി.പി. റോഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ . എൻ.എ.നെല്ലിക്കുന്ന് | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | കാസർകോട്-കാഞ്ഞങ്ങാട് കെ.എസ്.ടി.പി. റോഡ് പണി പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) പൂർത്തിയായിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; | (ബി) നിർമ്മാണ സാമഗ്രികളുടെ അഭാവവും , സ്വന്തം ക്വാറിക്ക് അംഗീകാരം കിട്ടാത്തതിനാലും പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. |
| (സി) | ഈ പ്രവൃത്തി ആരംഭിച്ചത് എപ്പോഴാണെന്നും കാലാവധി എത്രയാണെന്നും വ്യക്തമാക്കാമോ; | (സി) പ്രവൃത്തി ആരംഭിച്ചത് 24.04.2013, പ്രവൃത്തിയുടെ നീട്ടിയ കാലാവധി 28.02.2018 ആണ്. |
| (ഡി) | എത്ര കോടി രൂപയുടെ പദ്ധതിയാണിതെന്നും കരാറുകാർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ഡി) പദ്ധതിയുടെ അടങ്കൽ തുക 133,05,79,485 രൂപ<br>കരാറു കമ്പനി-M/s RDS Ltd. COCHIN |
| (ഇ) | കരാറുകാർക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ടോ;ചെയ്തുതീർത്ത പ്രവൃത്തികൾക്ക് പണം | (ഇ) കരാറുകാർക്ക് അംഗീകരിച്ച പ്രവൃത്തികൾക്ക് സമർപ്പിച്ച ബില്ലുകളുടെ തുക നൽകിയിട്ടുണ്ട്. ചെയ്തു തീർത്ത പ്രവൃത്തികൾക്ക് പണം നല്കാത്തതു |

| | | | |
|---|---|---|---|
| | നൽകാത്തതിനാൽ കരാറുകാർ പണി നിർത്തിയെന്നത് ശരിയാണോ; | | കാരണം പണി നിർത്തിയ അവസ്ഥ നിലവിൽ ഇല്ല. |
| (എഫ്) | ഏതെല്ലാം പ്രവൃത്തികളാണ് ഇനി ബാക്കിയുളളതെന്ന് വ്യക്തമാക്കാമോ; | (എഫ്) | പ്രധാനമായും കാഞ്ഞങ്ങാട് ടൗൺ ഭാഗത്തിന്റെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്. പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ പ്രവൃത്തികളും, ബസ്ബേ നിർമ്മാണം, ബസ് ഷൽട്ടർ നിർമ്മാണം, ജംഗ്ഷനുകളുടെ വികസനം എന്നിവയും നടന്നു വരുന്നു. |
| (ജി) | ബി.എസ്.എൻ. എൽ. ന്റെയും വൈദ്യുതിയുടെയും കേബിളുകൾ, ശുദ്ധജല പൈപ്പുകൾ എന്നിവ മാറ്റിയിടാനുള്ള നടപടിപോലും കെ.എസ്.ടി.പി. സ്വീകരിച്ചിട്ടില്ലെന്നത് ശരിയാണോ; വ്യക്തമാക്കാമോ? | (ജി) | ബി.എസ്.എൻ.എൽ ലിന്റെയും വൈദ്യുതിയുടെയും കേബിളുകൾ ശുദ്ധജല പൈപ്പുകൾ എന്നിവ മാറ്റിയിടുന്ന ജോലികൾ കരാറിൽ ഉൾപ്പെട്ടിട്ടുള്ളതും കരാറുകാരന്റെ ഉത്തരവാദിത്തവുമാണ്. ജോലികൾ പുരോഗമിക്കുന്ന മുറക്ക് പ്രസ്തുത ജോലികൾ വൈദ്യുതി ബോർഡ്, ജല അതോറിറ്റി ഉദ്യോഗസ്ഥരുടെയും കെ.എസ്സ്.ടി.പി. യൂട്ടിലിറ്റി കൺസൾട്ടന്റുമാരുടെയും മേൽനോട്ടത്തിൽ ചെയ്തിട്ടുണ്ട്. ചെറിയ ചെറിയ പ്രശ്നങ്ങൾ അതാതു സമയങ്ങളിൽ പരിഹരിക്കാറുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ